പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2176

11/02/2020 ൽ മറുപടി നല്കേണ്ടത്.

## കുടിവെള്ളം പരിശോധിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) മലീമസമായ കുടിവെള്ളം നിരവധി രോഗങ്ങൾക്ക് കാരണമാവുന്നു എന്നുള്ളത് കൊണ്ട് ആരോഗ്യ വകുപ്പിന് താലൂക്ക് തലത്തിൽ സ്വകാര്യ കിണറുകളിലേതടക്കം കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്ന് അറിയിക്കുമോ? | (എ) | നിലവിൽ കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടുമുള്ള ചീഫ് / റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, പബ്ലിക് ഹെൽത്ത് ലാബുകൾ, കേരളവാട്ടർ അതോറിറ്റി ലാബുകൾ തുടങ്ങിയവയിൽ ലഭ്യമാണ്. ജലജന്യരോഗങ്ങൾക്കെതിരെയുള്ള തയ്യാറെടുപ്പിന്റെ ഭാഗമായും ജലജന്യരോഗങ്ങൾ പൊട്ടിപുറപ്പെടുമ്പോഴും ആരോഗ്യവകുപ്പ് ഫീൽഡ്തല ജീവനക്കാർ കുടിവെള്ളം പരിശോധന നടത്താറുണ്ട്. .ആരോഗ്യ സന്നദ്ധ പ്രവർത്തകർ കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ നിശ്ചിത ഇടവേളകളിൽ നടത്തി വരുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സഹായത്തോടെ ഗ്രാമ പഞ്ചായത്തുകളിലെ പൊതു ടാപ്പുകളിലെയും കിണറുകളിലെയും, സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ, വീടുകൾ എന്നിവിടങ്ങളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. താലൂക്ക് തലത്തിൽ കുടിവെള്ളം പരിശോധിക്കുന്നതിന് ഇപ്പോൾ സൗകര്യം നിലവിൽ ഇല്ല. ആയത്. ഏർപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ